പട്ടം മടങ്ങി

(പി. ടി. ഐ) തിരുവനന്തപുരം, മേയ് 2

ആന്ധ്രാ പ്രദേശ് ഗവണ്ണർ പട്ടം താണുപിള്ള 10 ദിവസം ട്രീറ്റ്മെന്റിനുശേഷം പത്നി സമേതം മടങ്ങിപ്പോയിരിക്കുന്നു.

Reg: No K. 31

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്പീസി	പേ വു വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക് വാരാന്ത്യപ്രതിപ്പ് അടക്കം		2_10
ഒറാപ്രതി	0_07	0_10

മാനേജർ.

വർഷം 12 | സംഖ്യ 116 | 1935 മേയ് 3 തിങ്കൾ | തൃശ്ശൂർ | വില 4 പൈസ | പേജ് 2

ലോകസ്ഥിതിഗതികളിൽമാർപ്പാപ്പാ തിരുമേനിയുടെ ഉൽക്കണ്ഠ

രക്തപങ്കിലമായ ഒരു സംഘട്ടനത്തിൽ കലാശിക്കുന്നതിനു് മുമ്പായി കൂടിയാലോചനകൊണ്ടു നടത്താൻ ലോകനേതാക്കളോടഭ്യർത്ഥന

(റോയിട്ടർ) വത്തിക്കാൻസിറ്റി മെ. 2

ഇന്നത്തെ പൊതുവായ ലോകസ്ഥിതിഗതികൊണ്ടു ഗുരുതരവും രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനത്തിനു് അപകടകാരിയുമായ ചില വശങ്ങൾ പ്രദാനംചെയ്യുന്നുണ്ടെന്നു് മാർപ്പാപ്പാതിരുമേനി ഇന്നു് പ്രസ്താവിച്ചിരിക്കുന്നു.



സെൻഹ് പീറോഴ്സ് സ്ലായരിൽ തടിച്ചുകൂടുന്ന ജനക്കൂട്ടത്തിനു് ഞായറാഴ്ച ഉച്ചക്കു് പതിവുള്ള ആശീർവ്വാദം നൽകുകയായിരുന്നു തിരുമേനി

രാഷ്ട്രങ്ങളും ആശയങ്ങളും തമ്മിലുള്ള സംഘർഷം നമ്മെ വേട്ടനിപ്പിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് ഇപ്പോഴത്തെ സ്ഥിതിഗതികൾ ഭയങ്കരമാണെന്നു് തിരുമേനി പറഞ്ഞു.

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽനിന്നുള്ള 'അല്പം ഭേദപ്പെട്ട വാർത്ത' ഇന്നലെ രാത്രി ലഭിച്ചുവെങ്കിലും സ്ഥിതിഗതികൾ ഇപ്പോഴും ഭദ്രമല്ലെന്നു്, അവിടെ നടക്കുന്ന യുദ്ധത്തെ പരാമർശിച്ചുകൊണ്ടു് മാർപ്പാപ്പാ തിരുമേനി പറഞ്ഞു.

ഡൊമിനിക്കൽ റിപ്പബ്ലിക്കിൽനിന്നും ഇന്നലെ മാർപ്പാപ്പാ തിരുമേനിക്കു് ഒരു ടെലഫോൺ സന്ദേശം കിട്ടിയെന്നു് വത്തിക്കാൻ വൃത്തങ്ങൾ വെളിപ്പെടുത്തി.

ചാക്രികലേഖനം

ലോകത്തിന്റെ ചില ഭാഗങ്ങളിൽ വ്യക്തമായി വരുന്ന ആയുധപ്രയോഗത്തിനേർതായ അപകടകാരിയായ മാർഗ്ഗം ഉപേക്ഷിച്ചു് കൂടിയാലോചനകൊണ്ടു വഴി തങ്ങളുടെ പരിഹരിക്കാൻ മാർപ്പാപ്പാ തിരുമേനി "മേൻസേമായിയോ" (മെയ് മാസത്തിൽ] എന്ന ഒരു ചാക്രിക ലേഖനത്തിൽ ലോകനേതാക്കളെ ആഹ്വാനം ചെയ്തിരിക്കുന്നു.

പരിശുദ്ധ ദൈവജനനിക്കു് സമർപ്പിച്ചിട്ടുള്ള ഈ ചാക്രിക ലേഖനത്തിൽ, എല്ലാ ക്രൈസ്തവരും സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാൻ തിരുമേനി അഭ്യർത്ഥിച്ചു.

"രക്തപങ്കിലമായ ഒരു സംഘട്ടനത്തിൽ കലാശിക്കുന്നതിനുമുമ്പായി ഇക്കാര്യത്തിൽ നമ്മുടെ ഉൽക്കണ്ഠ [പ്രകടിപ്പിക്കേണ്ടതു് അവശ്യമാണെന്നു് നാം വിശ്വസിക്കുന്നു"വെന്നു് തിരുമേനി ചാക്രിക ലേഖനത്തിൽ തുടർന്നു പറയുന്നു.

....

ബന്ദോബസ്തിനുവേണ്ടി രാജിവെപ്പിക്കാൻ സത്യാഗ്രഹം

(പി ടി ഐ) പഞ്ചിം, മെ 2

ഗോവാ മുഖ്യമന്ത്രി മി ദയാനന്ദ് ബന്തോടക്കർ രാജിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് മഹാരാഷ്ട്ര നിയമസഭയിലെ ഒരംഗമായ മിസ്സിസ് എസ്.ജി പി. അത്തായ്ഡേ ഇന്നിവിടെ അനിശ്ചിതകാലത്തേക്കു് ഒരു നിരാഹാരസത്യഗ്രഹമാരംഭിച്ചിരിക്കുന്നു.

അഭയാർത്ഥി ക്യാമ്പിൽ വെടിവെപ്പ് 2 പേർ കൊല്ലപ്പെട്ടു

(പി ടി ഐ) രായ്പ്പൂർ, മെ 1

മാനാ അഭയാർത്ഥി ക്യാമ്പിൽ ഇന്നു് പോലീസ് വെടിവെച്ചതിന്റെ ഫലമായി രണ്ടുപേർ കൊല്ലപ്പെടുകയും 8 പേർക്കു് പരിക്കേല്പിക്കുകയും ചെയ്തിരിക്കുന്നു.

രണ്ടു പോലീസ് ഉദ്യോഗസ്ഥന്മാരുൾപ്പെടെ 13 പോലീസുകാരുടെ ക്യാമ്പിന്റെ കമാണ്ടന്റിനും അഭയാർത്ഥികളുടെ കല്ലേറുമൂലം പരിക്കേറ്റു.

ക്യാമ്പു് കമാണ്ടന്റിന്റെ ഓഫീസു് അഭയാർത്ഥികളും ആക്രമിച്ചതിനെ തുടർന്നാണു് പോലീസ് വെടിവെച്ചതെന്നു് ഡപ്യൂട്ടി ഐ. ജി. പ്രസ്താവിച്ചു.

ഒരു സംഘം കമ്പൂഡികരും മൻകൂട്ടി പ്ലാൻ ചെയ്തതാണു് ഈ ആക്രമണമെന്നു ക്യാമ്പിന്റെ ചീഫ് കമാണ്ടന്റ് കേണൽ എസ്സ്. പി. നന്ദി പറഞ്ഞു. ലാത്തികളും കുന്തങ്ങളും കത്തികളും കല്ലുകളുമായി അവർ ഓഫീസു് വളഞ്ഞതെന്നും കണ്ടമാനം കല്ലേറുനടത്തിയെന്നും അദ്ദേഹം വെളിപ്പെടുത്തി.

മാസംതോറുംപാരിതോഷികമായി നൽകാറുള്ള ഇരുപത്തഞ്ചു സ്ത്രീകൾക്കു് 25 ശതമാനം അഭയാർത്ഥികളും വിസമ്മതിച്ചുവെന്നും അതു് സ്ഥിരീകരിക്കാൻ സന്നദ്ധരായ 75 ശതമാനം പേരെ അവർ ഭീഷണിപ്പെടുത്തിയെന്നും കമാണ്ടന്റ് തുടർന്നുപറഞ്ഞു.

ഈ കുഴപ്പം ആസൂത്രണം ചെയ്തവരെന്നു് പറയപ്പെടുന്ന രണ്ടുപേരെ പോലീസ് അറസ്റ്റ്ചെയ്തുകൊടുക്കുവാൻ ഗ്രാമവാസികളോടു് ആവശ്യപ്പെട്ടുകൊണ്ടു് ഒരു മുൻകരുതൽ നടപടിയെന്നനിലയിൽ മാനാ, കവർ എന്നീ അഭയാർത്ഥി ക്യാമ്പുകളിൽ രണ്ടാഴ്ചത്തേക്കു് 114 പാസ്സുക്കിയിട്ടുണ്ടു്.

പടക്കപ്പീടിക പൊട്ടിത്തെറിച്ചു

രണ്ടു പെൺകുട്ടികളും, ഒരു സ്ത്രീയും കൊല്ലപ്പെട്ടു

(പി. ടി. ഐ.) ഭോപ്പാൽ മെയ് 1

ഭോപ്പാലിലെ ഒരു തിരക്കു പിടിച്ച കച്ചവടകേന്ദ്രമായ ചിൻറാമൻകഃ ചൌറായിൽ ഒരു പടക്കപ്പീടികക്കു് ഇന്നു രാവിലെ തീ പിടിച്ചതിന്റെ ഫലമായി ഒരു സ്ത്രീയും രണ്ടു പെൺകുട്ടികളും മരണമടയുകയും, മറ്റു മൂന്നുപേർക്കു് സാരമായ പരുക്കേൽക്കുകയും ചെയ്തിരിക്കുന്നു.

ഈ ദുരന്തത്തിനു് ഇരയായവരെല്പോവരും ഷോപ്പുടമയുടെ കുടുംബത്തിൽപെട്ടവരാണു്. തീപിടിക്കുമ്പോൾ അദ്ദേഹം ഷോപ്പിന്റെ മുന്നിൽ ഉണ്ടായിരുന്നുവെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടു. ഒരു പെൺകുട്ടി സംഭവസ്ഥലത്തുവെച്ചും മറ്റു രണ്ടുപേർ ആസ്പത്രിയിൽവച്ചും മരണമടഞ്ഞു. പരുക്കേറ്റവരുടെ നില ഗുരുതരമാണെന്നറിയുന്നു.

തീപ്പിടുത്തം കടയുടെ മുറ്റത്തെ വൂളയിൽനിന്നു പറന്നുവന്ന തീപ്പൊരി മൂലമാണുണ്ടായതെന്നു് പോലീസ് കേസ്സും പറഞ്ഞു.

—

അമേരിക്കയിൽ ഒരു സാമൂഹ്യവിപ്ലവം നടക്കുന്നു

വാഷിംഗ്ടൺ, മെയ് 2

ഒരു സാമൂഹ്യവിപ്ലവം– 'ഏഷ്യയിലോ ആഫ്രിക്കയിലോ ലോകത്തിൽ മറെറവിടെയെങ്കിലുമോ നടന്നുകൊണ്ടിരിക്കുന്ന ഏതൊരു വിപ്ലവവും പോലെ അതു യഥാർത്ഥമായ ഒരു വിപ്ലവം'– സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു് കാൾ റാി. റോവൻ പറയുന്നു.

യു. എസ്. ഇൻഫർമേഷൻ ഏജൻസിയുടെ ഡയറക്ടർ മി. റോവൻ വ്യാഴാഴ്ച വാഷിംഗ്ടണിലെ ഹോവാർഡ് സർവ്വകലാശാലയിൽ ചെയ്ത ഒരു പ്രസംഗത്തിലാണു് ഇപ്രകാരം പ്രസ്താവിച്ചതു്. നിയമത്തിൻ കീഴിൽ സ്വാതന്ത്ര്യം പുലർത്താൻ മികച്ച സാമൂഹ്യസേവനം അനുഷ്ഠിക്കുന്നതിനു് അമേരിക്കൻ ബാർ അസോസ്യേഷൻ നൽകുന്ന 'സ്വാതന്ത്ര്യമണി' അവാർഡ് തദവസരത്തിൽ മി. റോവൻ സ്വീകരിക്കുകയുണ്ടായി.

അമേരിക്കയിൽ പൗരാവകാശങ്ങൾ ക്കുവേണ്ടി നടത്തുന്ന പ്രകടനങ്ങൾ 'ആ വിപ്ലവത്തിന്റെ ഏറ്റവും ദൃശ്യവും ഏറ്റവും ശ്രവണീയവുമായ ഘടകങ്ങൾ' ആണെന്നു് യു. എസ്. ഐ. എ. ഡയറക്ടർ പ്രസ്താവിച്ചു.

'പക്ഷേ അതിലും വളരെ കൂടുതൽകാര്യങ്ങൾ സംഭവിക്കുന്നുണ്ടു്" എന്നു് അദ്ദേഹം തുടർന്നു പറഞ്ഞു. 'അവയിൽ ചിലതു് നിശ്ശബ്ദവും താരതമ്യേന അദൃശ്യവുമാണു്. ഈ രാജ്യം നീതിക്കുവേണ്ടി നടത്തുന്ന യാത്രകളുടെയും, യഥാർത്ഥത്തിൽ മഹത്തായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനു് നമ്മുടെ ജനങ്ങൾ നടത്തുന്ന യത്നങ്ങളുടെയും ശരിയായ വൈപുല്യം മനസ്സിലാക്കുന്നതിനു് അവ കണ്ടറിയേണ്ടതാണു്."

ഈ 'സാമൂഹ്യവിപ്ലവത്തിനു്' തെളിവുകളായി മി. റോവൻ, അമേരിക്കൻ കോൺഗ്രസ് ഇയ്യിടെ പാസ്സാക്കിയ പല നിയമങ്ങളും ഉദ്ധരിച്ചു. 1964 ലെ പൌരാവകാശനിയമവും ദാരിദ്ര്യത്തിനെതിരായുള്ള സമരം സംബന്ധിച്ചുള്ള ബില്ലും വിദ്യാഭ്യാസസഹായ പദ്ധതിയും അവയിൽ പെടുന്നു.

'അമേരിക്കയിലെ ന്യൂനപക്ഷസംഘങ്ങൾക്കു് ഒന്നാംകിട പൌരത്വം നല്കുന്നതിൽ, മഹത്തായ സമൂഹത്തിലെ പൌരാവകാശങ്ങളും സംബന്ധിച്ചുള്ള ചില നിയമങ്ങളും 1964-ലെ പൌരാവകാശനിയമംപോലെയോ ഇപ്പോൾ കോൺഗ്രസ്സിന്റെ പരിഗണനയിലിരിക്കുന്ന വോട്ടവകാശബില്പോലെയോ തന്നെ ഫലപ്രദമായിരിക്കു'മെന്നും അദ്ദേഹം പ്രവചിച്ചു.

രാഷ്ട്രവ്യാപകമായി ആചരിക്കപ്പെടുന്ന 'നിയമദിന'മായ മേയ് 1–ാംതന്നെ (ശനിയാഴ്ച) യിൽ അവസാനിക്കുന്ന 'നിയമവാരം' ഹോവാർഡ് സർവ്വകലാശാലയിൽ ആഘോഷിക്കുന്നതിനെപ്പറ്റി പരാമർശിക്കുന്നു മി. റോവൻ തന്റെ രാജ്യത്തിന്റെയും സോവിയറ്റ് യൂണിയന്റെയും മേയ് ദിനാഘോഷങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടുകയുണ്ടായി.

'രണ്ടു രാഷ്ട്രങ്ങളിലും ഈ ദിവസം, കാരോ സമൂഹവും അതതിന്റെ യഥാർത്ഥശക്തിയായി പരിഗണിക്കുന്ന കാര്യം സംബന്ധിച്ചു ആഘോഷങ്ങൾക്കായി വിനിയോഗിക്കുന്നു" എന്നു് അദ്ദേഹം പറഞ്ഞു.

കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ ശക്തിയുടെ തെളിവെന്നോണം പരമ്പരാഗതമായി അവരുടെ സൈനിക ശക്തി പ്രകടിപ്പിക്കുന്ന എന്നു് അദ്ദേഹം പ്രസ്താവിച്ചു.

"പക്ഷേ അമേരിക്കയിലുള്ളവരായ നാം ക്ലാസ്സുമുറികളിലും പള്ളികളിലും കോടതി മുറികളിലും നഗരസഭാ മന്ദിരങ്ങളിലും എഴുന്നേറ്റുനിന്നു പറയുന്നു: "ന്യായയുക്തമായ നിയമങ്ങളുടെ ഉറപ്പുള്ള വാഗ്ദത്തിൽ കീഴിൽ മനുഷ്യന്റെ ആത്മചൈതന്യം പ്രബലപ്പെടും" എന്നു് മി. റോവൻ ഊന്നിപ്പറഞ്ഞു.

.....

മൻ തടവുകാരൻ നാസി അടിമക്യാമ്പിൽ ദിവ്യബലിയർപ്പിച്ചു

(റോയിട്ടർ) മൂനിച്ച് മെയ് 2

1933–ൽ ആരംഭിച്ച ഡക്കാവുനാസി അടിമക്യാമ്പിൽ കൊല്ലപ്പെട്ട 33,000 പേരുടെ ആത്മാനുശ്രേയാർത്ഥം കർദ്ദിനാൾ ജോസഫ്ബൊറാൻ തിരുമേനി ഇന്നു് ക്യാമ്പു് നിലവിലിരുന്നസ്ഥലത്തു് ദിവ്യബലിയർപ്പിച്ചിരിക്കുന്നു. 1933ൽ നിലവിൽ വന്ന ഈ ക്യാമ്പു് 12 വർഷം കഴിഞ്ഞാണു് വിമോചിതമായതു്.

38 രാഷ്ട്രങ്ങളിൽനിന്നുള്ള 200,000 പേർ ഇതിനോടകം ഈ ക്യാമ്പിൽ തടവുകാരായി കഴിച്ചുകൂട്ടിയിട്ടുണ്ടു്.

1945 ഏപ്രിൽ 29–ാംതീയതി അമേരിക്കൻ സേന ഈ ക്യാമ്പു് മോചിപ്പിക്കുമ്പോൾ വെറും 30,000 പേരാണു് ഇതിൽ ജീവനോടെ അവശേഷിച്ചിരുന്നതു്. അവരിൽ കർദ്ദിനാൾ ബൊറാൻ തിരുമേനിയും ഉൾപ്പെട്ടിരുന്നു.

കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ കർദ്ദിനാൾ സ്ഥാനത്തേയ്ക്കുയർത്തപ്പെട്ട തിരുമേനി നാസി ക്യാമ്പുകളിലും ജയിലുകളിലുമായി മൂന്നുവർഷം ചിലവഴിച്ചിട്ടുണ്ടു്. ക്യാമ്പിനു സമീപമുള്ള പീറോഴ്സ് ബർഗിൽ ഇന്നലെ നടന്ന ഒരു പ്രാർത്ഥനായോഗത്തിൽ അദ്ദേഹം പങ്കെടുത്തു. തടവുകാരുടെ അവശിഷ്ടങ്ങളും സംസ്കരിച്ചിരിക്കുന്നതു് അവിടെയാണു്. ക്യാമ്പ് ഉണ്ടായിരുന്ന സ്ഥലത്തു് സ്ഥാപിച്ചിരിക്കുന്ന ഒരു കത്തോലിക്കാ ചാപ്പലിലാണു് അദ്ദേഹം ദിവ്യബലിയർപ്പിച്ചതു്. ഒരു പ്രോട്ടസ്റ്റൻറ് ചാപ്പലും യഹൂദപ്പള്ളിയും അടുത്തുതന്നെ സ്ഥാപിക്കപ്പെട്ടു.

പക്ഷേ, ഇന്നു് ഈ ക്യാമ്പിലെ ഏക അന്തേവാസികൾ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന മൃഗങ്ങളാണു് ഗാരിസണിലെ അമേരിക്കൻ പട്ടാളക്കാരുടെ നായ്ക്കളും കുതിരകളുമാണു്.

....

ശങ്കരാചാര്യരുടെ ഔദ്യത്യം അനശ്വരമാണെന്നു് ശാസ്ത്രി

ന്യൂഡൽഹി, മെ. 2

മെയ് 5–ാം തീയതി മുതൽ ഇവിടെ നടക്കുവാൻ പോകുന്ന ശങ്കരജയന്തി ആഘോഷങ്ങളോടനുബന്ധിച്ചു നൽകിയ ആശംസാ സന്ദേശത്തിൽ പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രി ശങ്കരാചാര്യർ ആത്മീയവും സംസ്കാരികവുമായ ഇന്ത്യയുടെ യോജിപ്പിനെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യത്തെ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ശങ്കരാചാര്യരുടെ ഔദ്യത്യം ഇന്നും അനശ്വരമായി നിലക്കൊള്ളുന്നുവെന്നു് ശാസ്ത്രി പറഞ്ഞു.

ലോകജനതയുടെ യോജിപ്പിനുവേണ്ടിയിട്ടുള്ളതായിരുന്ന അദ്ദേഹത്തിന്റെ ഔദ്യത്യം. അതു് ഇന്നും നമ്മെ നയിക്കട്ടെ എന്നു് അദ്ദേഹം ആശംസിച്ചു.

[പി ടി ഐ]

വ്യാവസായിക സംരംഭങ്ങൾക്കു് സഹായം

കാഞ്ഞാണി, ഏ. 29

അന്തിക്കാട് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബഡ്ഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കു് കഴിഞ്ഞവർഷം 7,200 രൂപാ വായ്പയായും 1,000 രൂപാ ഗ്രാന്റായും നൽകുകയുണ്ടായി. കൂടാതെ വ്യവസായിക രംഗത്തു് പ്രവർത്തിക്കുന്ന 9 വ്യക്തികൾക്കു് വായ്പയായി 4,500 രൂപായും കഴിഞ്ഞവർഷം വിതരണം ചെയ്യപ്പെട്ടു.

—o—

രാജ്യരക്ഷയ്ക്കു തയ്യാറില്ലെങ്കിൽ രാജിവെയ്ക്കണം

അല്ലെങ്കിൽ കല്യക്കംതട്ടുമെന്നു് കേന്ദ്രത്തിനു് കമ്മത്തിന്റെ താക്കീതു്

[പി. ടി. ഐ.] ജലന്ധർ മെ. 2

റാൺ ഓഫ് കച്ചിൽനിന്നും പിൻവാങ്ങാതെ പാകിസ്ഥാനുമായി ചർച്ചയില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കാൻ പിയെസ്സി നേതാവ് എച്ച്. വി. കമ്മത്തു് ഇൻഡ്യാ ഗവൺമെണ്ടിനോടാവശ്യപ്പെട്ടിരിക്കുന്നു.

'രാജ്യത്തെ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തെപ്പറ്റി ഒരു പിയെസ്സി കൺവെൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ആക്രമിയെ തിരിച്ചോടിച്ചില്ലെങ്കിൽ രാഷ്ട്രത്തിന്റെ മനോവീര്യം പരിപൂർണ്ണമായി നഷ്ടപ്പെടുമെന്നും ഗവൺമെണ്ടിനെ കല്യക്കം തട്ടുമെന്നും അദ്ദേഹം താക്കീതുചെയ്തു.

സ്വാതന്ത്ര്യവും പരമാധികാരവും ദേശീയ ഭദ്രതയും സംരക്ഷിക്കാൻ ഒരു ഗവൺമെണ്ടിനു കഴിയുന്നില്ലെങ്കിൽ അതിനു് ഭരിക്കുവാനാകാശമില്ല; രാജിവെച്ചൊഴിയുകയാണു് വേണ്ടതു്. ഗവൺമെണ്ടിന്റെ വിദേശപ്രതിരോധനയങ്ങളെ അദ്ദേഹം കഠിനമായി വിമർശിച്ചു.

രണ്ടുവർഷംകൊണ്ടു് അഴിമതി തുടച്ചുനീക്കുമെന്നു് നന്ദ ഒരു പരസ്യപ്രതിജ്ഞയെടുത്തിട്ടുണ്ടെന്നും പക്ഷേ ഇതുവരെ ഒന്നുംതന്നെ നേടാൻ കഴിഞ്ഞിട്ടില്ലെന്നും കമ്മത്തു് പറഞ്ഞു.

"ചീന–ഇന്തോനേഷ്യാ–പാകിസ്ഥാൻ ത്രികോണം"

പാശ്ചാത്യ–ഏഷ്യൻ ജനാധിപത്യരാഷ്ട്രങ്ങളെ കൂട്ടുകിലാക്കുമെന്നു് ഗോറെ

[പി ടി ഐ] പൂന, മെ 1

ചൈനാ ഇന്തോനേഷ്യാ–പാകിസ്ഥാൻ ത്രികോണം തങ്ങളുടെ കഴുത്തിനു് ചുറ്റും ഒരു കുടുക്കായി പരിണമിക്കുമെന്നു് പാശ്ചാത്യ–ഏഷ്യൻ ജനാധിപത്യരാഷ്ട്രങ്ങളെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി ചെയർമാൻ എൻ. ജി ഗോറെ താക്കീതു് ചെയ്തിരിക്കുന്നു.

ഇന്ത്യയുടെ അതിർത്തിയിൽ പാകിസ്ഥാൻ നടത്തിയ ആക്രമണത്തെ സംബന്ധിച്ചു് ബ്രിട്ടനും അമേരിക്കയും കൈക്കൊണ്ട നിലപാടിനെ ഗോറെവിമർശിച്ചു. ഒരു മെയ്ദിന റാലിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പാകിസ്ഥാൻ നടത്തിയ ആക്രമണത്തെ സംബന്ധിച്ചു് ബ്രിട്ടനും അമേരിക്കയും അക്രമിക്കെപ്പെട്ടവനും അക്രമിയും തമ്മിൽ തിരിച്ചറിയാൻ അമേരിക്കയും ബ്രിട്ടനും വളരെക്കാലമായി വിസമ്മതിക്കയാണെന്നു് അദ്ദേഹം പറഞ്ഞു.

ഇരുകൂട്ടരും പിൻവാങ്ങണമെന്നു് പാകിസ്ഥാൻ

കച്ച് അതിർത്തികളിൽ ശാന്തത തുടരുന്നു

[പി ടി ഐ] ന്യൂഡൽഹി, മെ 2

കച്ച് അതുത്തിയിൽ സ്ഥിതിഗതികൾ ശാന്തമാണെന്നും ഏറ്റവും ഒടുവിൽ ലഭിച്ച റിപ്പോർട്ടുകളിൽ പറയുന്നു.

തക്കപ്രദേശത്തുനിന്നും ഇന്ത്യയും പാകിസ്ഥാനും പിൻവാങ്ങാതെ വെടിനിർത്തൽ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറില്ലെന്നും പാകിസ്ഥാനൊരു ഔദ്യോഗികവക്താവു് ഇന്നലെ കറാച്ചിയിൽ പ്രസ്താവിക്കുകയുണ്ടായി. ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒരു വെടിനിർത്തൽകരാർ ഉണ്ടാക്കുന്നതിനെപ്പറ്റി അമേരിക്കയും ബ്രിട്ടനും പോൺ നടത്തുന്ന കൂടിയാലോചനകളെ പ്രാമർശിച്ചുകൊണ്ടാണു് ഈ വക്താവു് ഇപ്രകാരം പ്രസ്താവിച്ചതു്.

ഇരുകൂട്ടരും പിൻവാങ്ങണമെന്നതാണു് പാകിസ്ഥാന്റെ ആവശ്യം.

അയൂബിന്റെ ഭീഷണി

'പാകിസ്ഥാനെതിരായുള്ള ഇന്ത്യയുടെ ഭീഷണി പെട്ടുപോയും പുണ്ണുമായും ഒരു യുദ്ധത്തിലേയ്ക്കു വഴിതെളിക്കുമെന്നു് പ്രസിഡണ്ടു് അയൂബ്ഖാൻ ഇന്നലെ ഒരു പ്രക്ഷോഭിണി പ്രസംഗത്തിൽ പറഞ്ഞു.

....

കേരളത്തിൽ പ്രസിഡണ്ടു് ഭരണമേർപ്പെടുത്തിയതു് ജനാധിപത്യവിരുദ്ധം

കോഴിക്കോട്ടു് കോപ്പറേഷന്റെ പ്രമേയം

(പി. ടി. ഐ) കോഴിക്കോട്ടു്, മേയ് 1

സംസ്ഥാന അസംബ്ളി വിളിച്ചുകൂട്ടുകപോലും ചെയ്യാതെ കേരളത്തിൽ പ്രസിഡണ്ടു് ഭരണം ഏർപ്പെടുത്തിയ കേന്ദ്രഗവണ്മെന്റിന്റെ ജനാധിപത്യ വിരുദ്ധവും നീതീകരണ രഹിതവുമായ നടപടിയിൽ കഠിനമായ പ്രതിഷേധം രേഖപ്പെടുത്തുന്ന ഒരു പ്രമേയം കോഴിക്കോട്ടു് കോപ്പറേഷൻ പാസ്സാക്കിയിരിക്കുന്നു.

പൌരമുന്നണിക്കാരനായ പി. എം. അബൂബക്കറാണു് പ്രമേയം അവതരിപ്പിച്ചതു്. പൌരമുന്നണിക്കാരായ 16 പേർ പ്രമേയത്തെ അനുകൂലിച്ചു. എട്ടു് കോൺഗ്രസ്സുകാരും രണ്ടു് സ്വതന്ത്രന്മാരും ഉൾപ്പെടെ 9 പേർ പ്രമേയത്തെ എതിർത്തു. നാലു് പൌരമുന്നണിക്കാർ നിഷ്പക്ഷത പാലിച്ചു.

ലീഗുകാരും ഇടതു–വലതു കമ്മ്യൂണിസ്റ്റുകളും ഉൾപ്പെട്ടതാണു് പൌരമുന്നണി.

44 കൌൺസിലർമാരിൽ 29 പേർ മാത്രമേ യോഗത്തിൽ ഹാജരുണ്ടായിരുള്ളൂ. യോഗത്തിനെത്തിയ ഏഴു് കോൺഗ്രസ്സുകാരും പ്രമേയത്തെ എതിർക്കുകയുണ്ടായി.

ഭക്തസംഘടനകളുടെ സംയുക്തവാർഷികം

(സ്വ ലേ) നെല്ലിക്കുന്നു് മെ. 2

സ്ഥലം സെൻറ് സെബാസ്റ്റ്യാനോസ് ഇടവകയിലെ ഭക്തസംഘടനകളുടെ സംയുക്തവാർഷികം ഇന്നുച്ചതിരിഞ്ഞു് പള്ളി അങ്കണത്തിൽവെച്ചു് ഫാദർ ജോർജ്ജ് അക്കരയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുകയുണ്ടായി. സമ്മേളനത്തിൽ കുട്ടികളുടെ വിവിധകലാപരിപാടികളും യോഗാനന്തരം സുപ്രസിദ്ധ നാടകകൃത്തായ സി. എൽ. ജോസിന്റെ 'ഭൂമിയിലെ മാലാഖ' എന്ന നാടകവുമുണ്ടായിരുന്നു.

—o—

ആസ്സാം–പാക് അതിർത്തിയിൽ അട്ടിമറി പ്രവർത്തനം

ടെയിൻ എത്തുന്നതിനു് 20 മിനിട്ടുമുമ്പ് ഒരു റെയിൽവേപാലം തകർത്തു

[പി. ടി. ഐ.] ഷില്ലോങ്ങ് മെയ് 1.

വന്ധിച്ച ഒരു സ്പോടനത്തിന്റെ ഫലമായി സിൽച്ചാർ റെയിൽവേ സ്റ്റേഷനിൽനിന്നും ഒരു മൈൽ അകലെയുള്ള ഒരു റെയിൽവേപ്പാലം തകർന്നുപോവുകയും 2 പേർ കൊല്ലപ്പെടുകയും ചെയ്തിരിക്കുന്നു.

അട്ടിമറിയെന്നു സംശയിക്കപ്പെടുന്ന ഈ സ്പോടനം നടന്നതു് ഇന്നലെ രാത്രി 8–20 നാണ്. അതുവഴി കടന്നുപോകേണ്ട ഒരു പാസഞ്ചർ ടെയിൻ എത്തുന്നതിനു് 20 മിനിട്ടു മുമ്പാണ് സ്പോടനമുണ്ടായതു്. സ്പോടനത്തിന്റെ ശബ്ദം കേട്ടു് സ്ഥലവാസികളും കാടിക്കൂടി. സ്പോടനസ്ഥലത്തുനിന്നും 150 വാര അകലെവച്ചു് ടെയിൻ നിന്നുവാൻ അവർക്കു കഴിഞ്ഞു. ടെയിനിൽ നിറയെ യാത്രക്കാരുണ്ടായിരുന്നു. കിഴക്കൻ പാകിസ്ഥാനോടു് തൊട്ടുകിടക്കുന്ന ആസ്സാമിന്റെ അതിർത്തി ജില്ലയാണ് സിൽച്ചാർ.

വിദ്യുച്ഛക്തി ഉപയോഗിച്ചുള്ള ഏതോ സൂത്രപ്പണികൊണ്ടാണു് സ്പോടനമുണ്ടാക്കിയതെന്നു് പോലീസ് പറഞ്ഞു. സ്പോടകസാധനത്തിന്റെ സ്വഭാവം ഇതുവരെ നിർണ്ണയിച്ചിട്ടില്ല. രണ്ടുമൈൽ അകലെയുള്ള മഹിപ്പൂരിൽ നിന്നും സ്പോടനത്തിന്റെ ശബ്ദം കേട്ടെത്തിയ സൈനികർ സ്പോടനസ്ഥലത്തു് രണ്ടു് മനുഷ്യശരീരങ്ങളും കിടക്കുന്നതു് കണ്ടു. അവയിലൊന്നു് യഥാർത്ഥസ്ഥലത്തുനിന്നും 100 വാര അകലെ തെറിച്ചുപോയിട്ടാണു് കിടന്നിരുന്നതു്. അവയവങ്ങളെല്ലാം കീറിപ്പറിഞ്ഞു് നാശമായിരുന്നു. മരണം യാദൃച്ഛികമായി സംഭവിച്ചതുപോലെ കാണപ്പെട്ടു. പ്രത്യക്ഷത്തിൽ മൃതദേഹം ഒരു ഗിരിവർഗ്ഗക്കാരന്റേതാണെന്നു തോന്നി.

മറേയാളുടെ സ്പോടനസ്ഥലത്തുനിന്നും 15 വാര അകലെയാണു് കിടന്നിരുന്നതു്. തലയിൽ പരിക്കുകളും മുഖത്തും ദേഹമാസകലവും പൊള്ളലും ഉണ്ടായിരുന്നു. അബോധാവസ്ഥയിൽ കിടന്നിരുന്ന അയാളെ ആസ്പത്രിയിലാക്കിയെങ്കിലും ഇന്നുച്ചകഴിഞ്ഞു് മരിച്ചുപോയി. രാവിലെ അയാളുടെ അബോധം വീണ്ടെങ്കിലും താൻ ആരാണെന്നു് വെളിപ്പെടുത്താൻ അയാളുടെ വിസമ്മതിച്ചുവെന്നു് ഹോസ്പിറ്റലിൽ അധികൃതർ പൊലീസിനോടു പറഞ്ഞു.

സ്പോടനസ്ഥലം പൊലീസ് വലയം ചെയ്തിട്ടുണ്ടു്. അന്വേഷണം നടക്കുന്നു.

....

ഉരു പന്തുകളി കാണാൻ പോവുകയാണെന്നു് സുക്കാർണ്ണോ

(എ എഫ് പി) സിങ്കപ്പൂർ, മെ 1

മലയേഷ്യൻ പ്രധാനമന്ത്രി തുങ്കു

കാമരാജിന്റെ മർക്കടമുഷ്ടി ഒറീസ്സയെ കേരളമാക്കുമോ?

(യു. പി. എസ്. പ്രത്യേക പ്രതിനിധി)

ന്യൂഡൽഹി, ഏപ്രിൽ 30

ഒറീസ്സയെപ്പറ്റി ഡൽഹിയിൽ തീരുമ്മിട്ട ചർച്ചകളും നടന്നു കൊണ്ടിരിക്കയാണു്. അതോടൊപ്പം സ്ഥിതിഗതികളും നിയന്ത്രണാതീതമായി വികസിച്ചുകൊണ്ടിരിക്കുന്നു. ഒറീസ്സ കേരളത്തിന്റെ കാൽപ്പാടുകളെ പിന്തുടരുമോ? കേരളക്കാര്യത്തിലെപോലെ കാമരാജ് തന്റെ വാദങ്ങളിൽ മാത്രം മുറുകിപ്പിടിക്കയും കോൺഗ്രസ്സകാരുടെ കയ്യിൽനിന്നും ഭരണയന്ത്രം വഴുതിപ്പോകാൻ അനുവദിക്കയും ചെയ്യുമോ?

ഭഞ്ജ് നഗറിൽ ഏതാനും ദിവസം മുമ്പു ചേർന്ന രാഷ്ട്രീയ കൺവൻഷനിൽപങ്കെടുത്തവരെല്ലാം ഒരേ അഭിപ്രായക്കാരായിരുന്നു. ഒറീസ്സയിലെ കോൺഗ്രസ്സിനെ ഗ്രസിച്ചിരിക്കുന്ന ഗുരുതരമായ രോഗത്തിന്റെ ലക്ഷണങ്ങളാണു് അവിടെ കാണുന്നതു്. ഭരണകക്ഷിയിലുണ്ടായിരിക്കുന്ന ഭിന്നിപ്പുകൾ ഭരണത്തിന്റെ കാര്യക്ഷമതയെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. ഭരണകക്ഷിയുടെ ഉൾപ്പോര